STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.171/PR/SPMC/PHQ/2025 Date: 02.07.2025

## അനധികൃത വാഹനപാർക്കിംഗ് : 32,015 വാഹനങ്ങൾക്ക് പിഴ ഈടാക്കി

റോഡ് യാത്ര സുരക്ഷിതമാക്കുന്നതിനും ഗതാഗതതടസം ലഘൂകരിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി അനധികൃതമായി റോഡിൽ വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെ കേരള പോലീസിന്റെ ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 32,015 വാഹനങ്ങൾക്ക് പിഴ ഈടാക്കി. ജൂൺ 24 മുതൽ 30 വരെ ഏഴ് ദിവസം നീണ്ട പരിശോധനയിലാണ് നിയമലംഘനം കണ്ടെത്തിയത്.

സംസ്ഥാന പാതകളിൽ 10,128, ദേശീയ പാതകളിൽ 8,571, മറ്റ് പാതകളിൽ 13,316 എന്ന രീതിയിലാണ് നിയമലംഘനങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്.

അപകടസാധ്യത കൂടിയ മേഖലകൾ, വാഹന സാന്ദ്രതകൂടിയ പാതകൾ, പ്രധാനപ്പെട്ട ജംഗ്ഷനുകൾ, സർവ്വീസ് റോഡുകൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിശോധനകൾ നടന്നത്. ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് ഐ.ജി എസ്.കാളിരാജ് മഹേഷ് കുമാറിന്റെ നിർദേശപ്രകാരം ട്രാഫിക് നോർത്ത് സോൺ, സൗത്ത് സോൺ എസ്.പി മാരുടെ മേൽനോട്ടത്തിൽ ജില്ലാ ട്രാഫിക് നോഡൽ ഓഫീസർമാരുമായി സഹകരിച്ചാണ് പരിശോധനകൾ നടത്തിയത്. ഇത്തരം പരിശോധനകൾ തുടർന്നും നടത്തി റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ഐ.ജി അറിയിച്ചു.

************************